# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.248 | 09/03/2015 ൽ മറുപടിക്ക് |
|---|---|

### ബാർകോഴ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക പരിശോധന

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) | ബാർകോഴകേസിൽ വിജിൻസ് നടത്തിയ പ്രാഥമിക പരിശോധന റിപ്പോർട്ടിന്റെ ഒരു പകർപ്പും ശേഖരിച്ച തെളിവുകളുടേയും രേഖകളുടേയും പകർപ്പുകളും ലഭ്യമാക്കാമോ; | (എ) | ബാർ കോഴക്കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണം നടക്കുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പും മറ്റു ബന്ധപ്പെട്ട രേഖകളുടെ പകർപ്പും ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല. |
| (ബി) | ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കപ്പെട്ട തുടർനടപടി വശദമാക്കാമോ ; | (ബി) | ക്യൂക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി 6/14/എസ്.ഐ.യു -1 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) | കേരള ഹൈക്കോടതിയിൽ ബാർകോഴ സംബന്ധിച്ച കേസുകളിൽ വിജിലൻസും സർക്കാരും അറിയിച്ച നിലപാടുകൾ വിശദമാക്കാമോ; കോടതിയിൽ നിന്നും എന്തെല്ലാം നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | ബാർകോഴ സംബന്ധിച്ചുള്ള കേസ് രജിസ്റ്റർ ചെയ്തതിനുശേഷം വിജിലൻസിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി വിവരങ്ങൾ ഒന്നും ആവശ്യപ്പെട്ടിട്ടില്ല. കേസ് രജിസ്റ്റർ ചെയ്യുന്നതിനു മുമ്പ് ശ്രീ. വി.എസ്. സുനിൽ കുമാർ, ശ്രീ. പി.കെ. രാജു എന്നിവർ ഹൈക്കോടതിയിൽ നൽകിയ റിട്ട് പെറ്റിഷനും ശ്രീ. വൈക്കം വിശ്വൻ നൽകിയ റിട്ട് പെറ്റിഷനും ഒന്നിച്ച് പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി 3..12..2014-ൽ ഉത്തരവ് പുറപ്പെടുവിച്ചു. സത്വരാന്വേഷണത്തിന്റെ വെളിച്ചത്തിൽ വിജിലൻസ് ഡയറക്ടർ തന്നെ Cr. PC പ്രകാരം കേസ് രജിസ്റ്റർ ചെയ്യണമോ എന്ന് തീരുമാനിക്കണമെന്നും ഈ കേസിന്റെ അന്വേഷണം കോടതിയുടെ മേൽനോട്ടത്തിൽ നടത്തണമെന്ന പരാതിക്കാരുടെ ആവശ്യം ഈ ഘട്ടത്തിൽ ആവശ്യമില്ലാത്തതാണെന്നും തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ആഫീസർ